## പതിനാലാം കേരള നിയമസഭ
### ഒൻപതാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.441
### 24-01-2018 - ലെ മറുപടിക്ക്

### ആസ്തിവികസന ഫണ്ടിന്റെ വിനിയോഗം സംബന്ധിച്ച്

| ചോദ്യം<br>ശ്രീ.പുരുഷൻ കടലുണ്ടി | ഉത്തരം<br>ഡോ. റ്റി. എം. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി |
|---|---|
| എ) 2015-16 വർഷത്തിൽ ബാലുശ്ശേരി മണ്ഡലത്തിൽ നിന്നും ആസ്തിവികസന ഫണ്ട് വിനിയോഗിച്ച് പൂർത്തീകരിച്ച പ്രവൃത്തികളുടെ ലിസ്റ്റ് ലഭ്യമാക്കാമോ; | എ) 2015-16 വർഷത്തിൽ ബാലുശ്ശേരി മണ്ഡലത്തിൽ നിന്നും ആസ്തിവികസന ഫണ്ട് വിനിയോഗിച്ച് പൂർത്തീകരിച്ച പ്രവൃത്തികളുടെ ലിസ്റ്റ് അനുബന്ധമായി (അനുബന്ധം I) ചേർക്കുന്നു. |
| ബി) ഭരണാനുമതി ലഭിച്ചിട്ടും ചില പ്രവൃത്തികൾ ആരംഭിക്കാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| സി) ഇത്തരം പ്രവൃത്തികൾ സമയ ബന്ധിതമായി പൂർത്തീകരിക്കുന്നതിനുവേണ്ടി ധനവകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നു വിശദമാക്കാമോ? | സി) പ്രവൃത്തികൾ സമയ ബന്ധിതമായി പൂർത്തീകരിക്കുന്നതിനുവേണ്ടി 2015 ജൂലൈ 22 തീയതിയിലെ 67/2015/ധന നമ്പർ സർക്കുലർ പ്രകാരം ഭരണവകുപ്പുകൾക്കും നിർവ്വഹണ ഏജൻസികൾക്കും നിർദേശം നൽകിയിട്ടുണ്ട്.ടി സർക്കുലർ അനുബന്ധമായി (അനുബന്ധംII) ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം -1

**2015-16 വർഷത്തിൽ ബാലുശ്ശേരി മണ്ഡലത്തിൽ നിന്നും ആസ്തി വികസന ഫണ്ട് വിനിയോഗിച്ച് പൂർത്തീകരിച്ച പ്രവൃത്തികൾ.**

1.ഏറാമ്പൊയിൽ തുരുത്തുപറമ്പ് റോഡ് -കായണ്ണ

2.ശിവപുരം എച്ച്.എസ്.എസ്.കെട്ടിട നിർമ്മാണം

3.എന്റെ സ്കൂൾ പദ്ധതി- പൂനൂർ എൽ.പി.സ്കൂൾ കെട്ടിട നിർമ്മാണം

4.വളോങ്ങിക്കണ്ടി മുക്ക് വാണിയാട്ടുകണ്ടി താഴെ റോഡ്- പനങ്ങാട്

5.പുതിയോട്ടുമുക്ക് കരിപ്പാറ റോഡും കൾവർട്ടും -കോട്ടൂർ

6.വീര്യമ്പ്രം പോട്ടോൾ റോഡ് -ഉണ്ണികുളം

7.പുത്തൂർ കരോൽമുക്ക് റോഡ്- ബാലുശ്ശേരി

8.ബാലുശ്ശേരി മണ്ഡലത്തിലെ 18 സർക്കാർ സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് റൂം സ്ഥാപിക്കൽ

9.നടക്കണ്ടി താഴെ തെങ്ങിടപറമ്പ് വോളിബോൾ അക്കാദമി റോഡ് -നടുവണ്ണൂർ

10.എഴുകണ്ടി ചേറോത്ത്പൊയിൽ ചാത്തൻ വീട് റോഡ് - പനങ്ങാട്

11.വയലട കോട്ടക്കുന്ന് റോഡ്-പനങ്ങാട്

അനുബന്ധം-II

കേരള സർക്കാർ

## ധനകാര്യ (നോഡൽ സെന്റർ-ബി) വകുപ്പ്

നമ്പർ 67/2015/ധന. *തിരുവനന്തപുരം, തീയതി 2015 ജൂലൈ 22.*

## സർക്കുലർ

വിഷയം: —ധനകാര്യ വകുപ്പ്—LAC-ADS—പദ്ധതികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതുമായി ബന്ധപ്പെട്ട് പുതുക്കിയ നിർദ്ദേശം പുറപ്പെടുവിക്കുന്നു.

സൂചന: — (1) 11-6-2012-ലെ സ.ഉ(പി) നമ്പർ 332/2012/ധന.
(2) 28-12-2012-ലെ 73/2012/ധന നമ്പർ സർക്കുലർ.

എം. എൽ. എ. മാരുടെ ആസ്തി വികസന പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾക്ക് ധനാനുമതിയും ഭരണാനുമതിയും പുറപ്പെടുവിക്കുന്നതിന് സമയക്രമം നിശ്ചയിച്ച് സൂചന(2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ ആസ്തി വികസന പദ്ധതി നിരീക്ഷിക്കാൻ വ്യവസ്ഥാപിത മാർഗ്ഗമില്ലായെന്നും ടി പദ്ധതിയിൻകീഴിലുള്ള പ്രവൃത്തികൾക്ക് സമയബന്ധിതമായി ഭരണാനുമതി, സാങ്കേതികാനുമതി ഇവ പുറപ്പെടുവിക്കുന്നതിനോ, പൂർത്തീകരിക്കുന്നതിനോ യഥാസമയം ഫണ്ട് ലഭ്യമാക്കുന്നതിനോ കഴിയാത്ത സാഹചര്യമുണ്ടെന്നും ആയതിനാൽ ടി പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കണമെന്നും ബഹു. നിയമസഭാ സാമാജികർ ആവശ്യപ്പെട്ടിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ആസ്തി വികസന പദ്ധതിയിൽ അനുവദിക്കുന്ന പ്രവൃത്തികൾ സമയബന്ധിതമായി നടപ്പിലാക്കുന്നത് സംബന്ധിച്ച് പുതുക്കിയ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

(1) എം. എൽ. എ. മാർ ധനകാര്യ വകുപ്പിൽ സമർപ്പിക്കുന്ന പ്രവൃത്തി നിർദ്ദേശങ്ങളിൽ പരമാവധി 7 പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽത്തന്നെ നടപടി സ്വീകരിക്കുകയും ആവശ്യമായ പദ്ധതി രേഖകൾ (Detailed Project Report) ലഭ്യമാക്കുന്നതിനുവേണ്ടി ഭരണവകുപ്പിലേക്ക് അയയ്ക്കേണ്ടതുമാണ്.

(2) ഭരണ വകുപ്പിൽ നിന്നും പ്രസ്തുത നിർദ്ദേശങ്ങൾ സംബന്ധിച്ച പദ്ധതി രേഖകൾ (DPR) സഹിതം അടുത്ത 15 പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽത്തന്നെ ധനാനുമതിയ്ക്കായി ധനകാര്യ വകുപ്പിന് ലഭ്യമാക്കേണ്ടതാണ്.

(3) ധന വകുപ്പിന് ലഭ്യമാക്കുന്ന പ്രൊപ്പോസൽ വിശദമായി പരിശോധിച്ച് അടുത്ത 15 പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽത്തന്നെ ധനാനുമതി സംബന്ധിച്ച അഭിപ്രായം രേഖപ്പെടുത്തി ഭരണ വകുപ്പിന് മടക്കി നൽകേണ്ടതാണ്.

(4) ധനാനുമതി നൽകിയ പ്രവൃത്തികൾക്ക് ഭരണവകുപ്പ് അടുത്ത 10 ദിവസത്തിനുള്ളിൽത്തന്നെ ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കേണ്ടതും ഭരണാനുമതി ഉത്തരവിന്റെ പകർപ്പ് ബന്ധപ്പെട്ട എം. എൽ. എ. മാർക്ക് നൽകേണ്ടതുമാണ്.

(5) ഭരണാനുമതി നൽകിയ പ്രവൃത്തികൾക്ക് അടുത്ത 15 ദിവസത്തിനുള്ളിൽത്തന്നെ സാങ്കേതികാനുമതി നൽകുകയും കാലതാമസം കൂടാതെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പ്രവൃത്തികൾ കാലതാമസംവിനാ പൂർത്തീകരിക്കേണ്ടതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിവരം എം. എൽ. എ. മാരെ രേഖാമൂലം അറിയിക്കേണ്ടതുമാണ്.

(6) ഭരണാനുമതി ഉത്തരവിന്റെ പകർപ്പ് ധനവകുപ്പിന് നൽകേണ്ടതാണ്. പ്രസ്തുത നിർദ്ദേശങ്ങൾ എല്ലാ വകുപ്പുകളും കർശനമായി പാലിക്കേണ്ടതാകുന്നു.

ഡോ. കെ. എം. എബ്രഹാം,
*അഡീ. ചീഫ് സെക്രട്ടറി (ധനകാര്യം).*

പകർപ്പ്:—

എല്ലാ എം. എൽ. എ. മാർക്കും.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി. & എസ്. എസ്. എ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ. & ആർ. എസ്. എ.) കേരള, തിരുവനന്തപുരം.
എല്ലാ വകുപ്പ് അദ്ധ്യക്ഷൻമാർക്കും.
എല്ലാ വകുപ്പ് തലവൻമാർക്കും.
എല്ലാ മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർ.
നോഡൽ ഓഫീസർ www.finance.kerala.gov.in.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

---